# അറബിമലയാളവും മലയാളവും ലിപ്യന്തരണത്തിലെ പ്രശ്നങ്ങൾ: *ഇഞ്ചീൽ ലൂഖാ*യെ ആധാരമാക്കി ഒരു ചർച്ച

ഫാത്തിമ ഷഹാന കെ ക്ലലത്ത്

**ആമുഖം**

മലയാളഭാഷയെ അറബിലിപി ഉപയോഗിച്ച് എഴുതുന്ന രീതി എന്നാണ് അറബിമലയാളത്തെക്കുറിച്ച് പൊതുവെ പറയപ്പെടുന്നത്. അറബിമലയാളകൃതികൾ വിശദമായി പരിശോധിച്ചാൽ ഈ പ്രസ്താവനയിൽ ശരിയുണ്ട് എന്നു പറയുമ്പോൾത്തന്നെ അത് പൂർണ്ണമായും ശരിയല്ല എന്ന് മനസ്സിലാക്കാൻ സാധിക്കും. കേവലം ലിപിപരമായ മാറ്റം എന്നതിലുപരി വർണ്ണം, പദം, വാക്യം, വ്യാകരണം എന്നീ തലങ്ങളിലും അറബിമലയാളം മലയാളത്തിൽനിന്ന് വ്യതസ്തമാകുന്നുണ്ട്. ഈ വ്യത്യാസങ്ങളാകട്ടെ മാനകമലയാളവുമായി താരതമ്യം ചെയ്യുമ്പോൾ മാത്രമാണ് വ്യത്യസ്തകളായി വളരെ പ്രകടമായി കാണാൻ സാധിക്കുന്നത്. അല്ലാത്തപക്ഷം അവ സാമൂഹികമോ സാമുദായികമോ ഒക്കെയായ വാമൊഴിഭേദമായി പരിഗണിക്കാവുന്നതാണ്. എങ്കിലും എഴുത്തിലേക്കു വരുമ്പോൾ ലിപിപരമായ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അത്തരം പ്രശ്നങ്ങളെ *ഇഞ്ചീൽ ലൂഖ* എന്ന അറബിമലയാളകൃതിയെ അടിസ്ഥാനമാക്കി പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

**ഇഞ്ചീൽ ലൂഖ**

*ഇഞ്ചീൽ ലൂഖ* എന്ന കൃതി ഒരു ബൈബിൾവിവർത്തനമാണ്. ബൈബിൾ പുതിയനിയമം ലൂക്കോസിന്റെ സുവിശേഷത്തിന് അറബിമലയാളത്തിലുണ്ടായ തർജ്ജമയാണ് 24 അദ്ധ്യായങ്ങളുള്ള ഈ കൃതി. ഇവിടെ ബൈബിളിന്റെ മലയാളവിവർത്തനത്തെത്തന്നെയാണ് സ്രോതഭാഷയായി സ്വീകരിച്ചിരിക്കുന്നത്. കൃതി രചിക്കപ്പെടാനുണ്ടായ കാരണം, സാമൂഹികഘടകങ്ങൾ, ചരിത്രപശ്ചാത്തലം, കൃതിയുടെ ഉള്ളടക്കം, ഭാഷാപരമായ സവിശേഷതകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിശദാംശങ്ങളെ മാറ്റിനിർത്തിക്കൊണ്ട് ലിപിയുമായി ബന്ധപ്പെട്ട ചർച്ചയ്ക്കാണ് ഇവിടെ പ്രാമുഖ്യം

നൽകുന്നത്. “അറബിലിപി ഉപയോഗിച്ച് മലയാളഭാഷയിൽ എഴുതിയത്” എന്ന് കൃതിയുടെ ആദ്യത്തിൽ കൊടുത്തിട്ടുണ്ടെങ്കിലും ഇതിലെ ഭാഷ പരിശോധിക്കുമ്പോൾ അറബിമലയാളത്തിന്റെ ചില സവിശേഷലക്ഷണങ്ങൾ ഇതിൽ കാണാൻ കഴിയുന്നുണ്ട്. മാത്രമല്ല കൃതിയുടെ രചനാലക്ഷ്യത്തെ മുൻനിർത്തി പരിശോധിക്കുമ്പോൾ ഭാഷയെ വിദഗ്ധമായി പ്രയോഗിച്ചിരിക്കുന്നതും കാണാം. ഇതെല്ലാം വിവർത്തനപ്രക്രിയയിൽ വിവർത്തകൻ ഉപയോഗിച്ചിട്ടുള്ള തന്ത്രങ്ങളാണ്. കൃതിയിലെ ഭാഷയെക്കുറിച്ച് തൽക്കാലം ഇങ്ങനെ പറഞ്ഞുവെക്കാമെങ്കിലും മലയാളത്തെ സ്രോതഭാഷയാക്കി ഉണ്ടായ വിവർത്തനം എന്ന നിലയിൽ കൃതിയെ തിരിച്ച് മലയാളത്തിലേക്കുതന്നെ ലിപ്യന്തരണം ചെയ്യുമ്പോൾ കൃതിയെ പൂർണ്ണമായും മലയാളത്തിൽ എഴുതാൻ സാധിക്കുന്നില്ല. കൃതിയുടെ ആദ്യത്തിലെ പ്രസ്താവനപോലെ മലയാളഭാഷയെ പൂർണ്ണമായും അറബിവർണ്ണങ്ങൾ ഉപയോഗിച്ച് ആവിഷ്കരിക്കാൻ സാധിച്ചിട്ടുണ്ട്. കാലാനുസൃതമായി അറബിമലയാളലിപിമാലയിൽ ഉണ്ടായിട്ടുള്ള ലിപിപരിഷ്കരണപ്രവർത്തനങ്ങളുടെ ഫലമാണിത്. എന്നാൽ അറബിമലയാളം എന്നത് മലയാളഭാഷയുടെ ഭാഗമാണെന്നിരിക്കെ അറബിമലയാളത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയാത്ത തരത്തിലുള്ള ലിപിപരമായ പ്രശ്നങ്ങൾ മലയാളത്തിൽ നിലനിൽക്കുന്നുണ്ട്.

**ലിപ്യന്തരണ പ്രശ്നങ്ങൾ**

*ഇഞ്ജീൽ ലൂഖ* എന്ന കൃതി പരിശോധിക്കുമ്പോൾ ഇന്നത്തെ അറബിമലയാളലിപികളിൽനിന്ന് ഒരുപാട് വ്യത്യാസങ്ങൾ ഇതിലെ ലിപിക്കുണ്ടെന്ന് മനസ്സിലാക്കാം. ആധുനിക അറബിമലയാളലിപി വായിക്കാൻ അറിയുന്നവർക്ക് പോലും പ്രയാസം സൃഷ്ടിക്കുന്നതാണ് ഈ കൃതിയിലെ ലിപി. അറബിമലയാളലിപികൾ പലരും പലകാലത്തായി പലതരത്തിൽ പരിഷ്കരിച്ചിട്ടുള്ളതുകൊണ്ട് ഒരു പ്രത്യേക ഘട്ടത്തിലെ അറബിമലയാളലിപിമാലയാണ് ഇതെന്ന് പറയേണ്ടി വരും. കൃതിയിലുടനീളം ‘പ’എന്ന അക്ഷരത്തിനു പകരം അറബിയിലെ ‘ഫ’ എന്ന അക്ഷരമാണ് ഉപയോഗിച്ചിരിക്കുന്നത്. ‘പ’ എന്നത് അറബിയിൽ ഇല്ലാത്ത വർണ്ണമാണ്. അതുകൊണ്ടുതന്നെ ‘പ’ക്കു പകരമായി അറബിമലയാളത്തിൽ ‘ഫ’ എന്നാണ് ഉപയോഗിച്ചിരുന്നത്. ആ രീതിതന്നെയാണ് ഈ കൃതിയും പിന്തുടർന്നിരിക്കുന്നത്.

ഉദാ: ഫ്രവേശിക്കുന്നവർ, ഫാത്ത്രം

ലിപ്യന്തരണം ചെയ്യുമ്പോൾ നേരിടുന്ന മറ്റൊരു പ്രധാനപ്രശ്നം അക്ഷരങ്ങളുടെ ഇരട്ടിപ്പാണ്. അറബിയിൽ ഏത് അക്ഷരത്തിന്റെ മീതേയും 'സദ്ദ്' എന്ന ചിഹ്നം ചേർത്തുകൊണ്ട് അതിന്റെ ഇരട്ടിപ്പിനെ സൂചിപ്പിക്കാം. അതിനാൽ അറബിമലയാളത്തിലും ഇത് സാധ്യമാണ്. എന്നാൽ മലയാളത്തിലാകട്ടെ ചില അക്ഷരങ്ങൾക്കു മാത്രമെ ഇരട്ടിപ്പിനെ സൂചിപ്പിക്കാൻ ചിഹ്നങ്ങളുള്ളൂ. *ഇഞ്ചീൽ ലൂഖ* യിൽ ഇത്തരത്തിലുള്ള അക്ഷരങ്ങൾ ഒരുപാട് കാണാം. അവയിൽ ഒന്ന് 'ഫ'കാരത്തിന്റെ ഇരട്ടിപ്പാണ്. മലയാളത്തിലെ 'പ'കാരത്തിനു പകരമായി 'ഫ'കാരം ഉപയോഗിക്കുന്നതുകൊണ്ട് 'പ'കാരത്തിനു ഇരട്ടിപ്പ് വരുന്നിടത്തൊക്കെ 'ഫ'കാരലിപിക്ക് ഇരട്ടിപ്പ് കാണിച്ചിട്ടുണ്ട്. അറബിമലയാളലിപിയിൽ ഇത് കാണിക്കാൻ വിഷമമില്ല. എന്നാൽ മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്യുമ്പോൾ 'ഫ'കാര ഇരട്ടിപ്പിനെ 'ഫ്ഫ' എന്നെഴുതാമെങ്കിലും ഇത് വായനയ്ക്ക് തടസ്സം സൃഷ്ടിക്കും.

ഉദാ: അഫ്ഫം, ഫുറഫ്ഫെട്ടു, ഇഫ്ഫ്രകാരം, കൽഫ്ഫിക്കയും

മറ്റൊന്ന് മലയാളത്തിലെ ഘോഷാക്ഷരങ്ങളുടെ ഇരട്ടിപ്പാണ്. മലയാളത്തിൽ ഇതിനെ സൂചിപ്പിക്കാൻ പ്രത്യേക ചിഹ്നങ്ങളില്ല. ഈ കൃതിയിൽ പലയിടങ്ങളിലായി ഇവയുടെ ഇരട്ടിപ്പുകൾ ഉപയോഗിക്കുന്നുണ്ട്.

ഉദാ: ഭ്ഭ്രദൻങ്ങളേ, ബെൻധ്ധനൻങ്ങളേ, മരുഭ്ഭ്രമിഇലേ,

രാജധ്ധാനികളിൽ

ഇത്തരം അവസരങ്ങളിൽ ഇതുപോലെ ഇരട്ടിപ്പിനെ സൂചിപ്പിക്കാമെങ്കിലും ഇത് മലയാളത്തിൽ സാധാരണയായി കാണപ്പെടുന്നതല്ല.

അക്ഷരമെഴുത്തുരീതി പിന്തുടരുന്നതിനാൽ ഉച്ചരിക്കുന്നതുപോലെ എഴുതുക എന്ന സ്വഭാവം അറബിമലയാളത്തിനും സ്വന്തമാണ്. ഉച്ചാരണം എന്നു പറഞ്ഞാൽ വാമൊഴിയിലെ എല്ലാ സവിശേഷതകളെയും കഴിയുന്നത്ര എഴുത്തിലും ആവിഷ്കരിക്കും. ചില സ്ഥലങ്ങളിൽ 'ഷ'കാരത്തിനു ഇരട്ടിപ്പു വരുന്നത് അതിന് ഉദാഹരിക്കാം. ഇത് മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്യുമ്പോൾ ബുദ്ധിമുട്ടുകൾ നേരിടുന്നു.

ഉദാ: മനുഷ്ഷ്യൻ

മേൽപറഞ്ഞപോലെ ഇത്തരത്തിൽ എഴുതി അതിനെ സൂചിപ്പിക്കാമെന്നേയുള്ളൂ.

മലയാളത്തിൽ കൂട്ടക്ഷരങ്ങൾ സാധാരണ ഇരട്ടിപ്പിച്ച് ഉപയോഗിക്കാറില്ല. എന്നാൽ ഈ അറബിമലയാളകൃതിയിൽ അത്തരം ഇരട്ടിപ്പുകൾ കാണാം. അതിൽ 'ന്റ' എന്ന അക്ഷരത്തെ ഇരട്ടിപ്പോടുകൂടിയാണ് ചിലയിടങ്ങളിലൊഴികെ ഉപയോഗിച്ചിരിക്കുന്നത്. 'ൻറ്റ' എന്നെഴുതാനുള്ള സാദ്ധ്യത നിലവിലെ മലയാളമെഴുത്ത് തരുന്നുണ്ട്.

ഉദാ: അവൻറ്റേ, ശത്ത്രുവിൻറ്റേ, സുവർക്കത്തിൻറ്റേ, യെൻറ്റേ

മലയാളത്തിലെ കൂട്ടക്ഷരമായ 'ന്മ' വരുന്നിടത്തും ഈ കൃതിയിൽ ഇരട്ടിപ്പ് കൊടുത്തിരിക്കുന്നതായി കാണാം.

ഉദാ: നൻമ്മ, ഫുരുഷൻമ്മാർ, മൂഫ്ഫൻമ്മാർ

മറ്റൊരു കൂട്ടക്ഷരം 'ണ്ട'യാണ്. ണ്+ട ആണല്ലോ 'ണ്ട' ആവുന്നത്. ഈ കൃതിയിൽ ചിലയിടത്ത് ഇതിന് ഇരട്ടിപ്പ് കാണുന്നുണ്ട്. അറബിയിലെ രീതി അനുസരിച്ച് ഏതക്ഷരത്തിനും ഇരട്ടിപ്പ് സൂചിപ്പിക്കാൻ പ്രയാസമില്ലെന്ന് പറഞ്ഞല്ലോ. അതിനാൽ മലയാളത്തിലേക്ക് വരുമ്പോൾ ഇതിന് പ്രയാസം നേരിടുന്നു.

ഉദാ: കൊണ്ടന്നാൽ

മേൽപറഞ്ഞ രണ്ടു കാര്യങ്ങളിലും ഉച്ചാരണത്തിൽ ബലം കൊടുക്കുന്നിടത്ത് ഇരട്ടിപ്പ് കാണിച്ചാണ് മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്തിരിക്കുന്നത്. എന്നാൽ മൂന്നാമത്തേതിൽ അതും സാധ്യമല്ല.

ലിപ്യന്തരണത്തിലെ മറ്റൊരു പ്രശ്നം, 'റ'കാരത്തിന്റെ ഇരട്ടിപ്പാണ്. അറബിയിൽ 'റ'കാരത്തിന്റെ ഇരട്ടിപ്പ് സാധാരണമാണ്. എന്നാൽ ഇത് മലയാളത്തിലേക്കു വരുമ്പോൾ അതേ ഉച്ചാരണത്തെ സൂചിപ്പിക്കാൻ കഴിയില്ല. മലയാളത്തിൽ 'റ'കാരത്തിന്റെ ഇരട്ടിപ്പ് 'റ്റ' എന്ന അക്ഷരമായാണ് മാറുന്നത്. ഇത് അറബിയിൽ സൂചിപ്പിക്കുന്ന റകാരത്തിന്റെ ഇരട്ടിപ്പിൽനിന്നും തികച്ചും വ്യത്യസ്തമാണുതാനും. അറബിമലയാളത്തിൽ അറബിപദങ്ങൾ കടന്നുവരുന്നിടത്താണ് ഈ പ്രശ്നം ഉണ്ടാകുന്നത്. *ഇഞ്ജീൽ ലൂഖ* ഒരു മതഗ്രന്ഥമായതുകൊണ്ടുതന്നെ ഇത്തരം പദങ്ങൾ ഇടയ്ക്കിടെ കടന്നുവരുന്നുണ്ട്.

ഉദാ: ത്വരീഖിറബ്ബിൻറ്റേ

അറബിമലയാളത്തിൽ അറബിപദങ്ങൾ ധാരാളമായി കടന്നുവരുമെന്നു പറഞ്ഞല്ലോ. അപ്പോൾ അത്തരം പദങ്ങളെ പൂർണ്ണമായി മലയാളത്തിൽ ആവിഷ്കരിക്കാൻ സാധിക്കില്ല. കാരണം അറബിയിലുള്ള പതിമൂന്ന് വർണ്ണങ്ങൾക്കു പകരമായി മലയാളത്തിൽ അക്ഷരങ്ങളില്ല. ഉച്ചാരണത്തിൽ ഏകദേശം സാമ്യമുള്ള മലയാള അക്ഷരങ്ങൾകൊണ്ടാണ് ഈ പരിമിതിയെ മറികടക്കുന്നത്.

ഒരു മലയാളകൃതിക്ക് അറബിമലയാളത്തിൽ ഉണ്ടായ വിവർത്തനത്തെ തിരിച്ച് മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്യുമ്പോൾ നേരിടുന്ന ഇത്തരത്തിലുള്ള പ്രശ്നങ്ങളെ വളരെ ഗൌരവത്തോടെ പരിഗണിക്കേണ്ടതുണ്ട്. സ്വതന്ത്രവിവർത്തനമായി ചെയ്യുകയാണെങ്കിൽ പലതരത്തിലുള്ള ഇടപെടലുകളിലൂടെ ഈ പരിമിതികളെ മറികടക്കാവുന്നതാണ്. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ ആ കൃതിയുടെ തനിമ നഷ്ടപ്പെടുമെന്നതാണ് പ്രശ്നം. മലയാളത്തിൽ അടിസ്ഥാനമായി ആകെ എത്ര അക്ഷരങ്ങളുണ്ട് എന്ന് വ്യവസ്ഥയില്ലാത്ത അവസ്ഥയാണുള്ളത്. വാമൊഴികളുടെ സൂക്ഷ്മതകൂടി പരിഗണിച്ചാൽ അത് കൂടുതൽ സങ്കീർണ്ണമാവുകയും ചെയ്യും. ലിപിയില്ലാത്ത മലയാളഭേദങ്ങളെ അവിടെ സവിശേഷമായി പരിഗണിക്കുകയും വേണ്ടതുണ്ട്. മലയാളഭാഷയിൽ രചിച്ചതും അറബിമലയാളത്തിന്റെ ലിപിവ്യവസ്ഥയിൽ എഴുതിയതുമായ ഒരു കൃതിയെന്ന നിലയിൽ ലിപ്യന്തരണം എന്നു പറയാവുന്ന ഒന്നിനെ ആധുനികമായ മലയാളലിപിയിലേക്ക് മാറ്റിയെഴുതുന്നതിൽ നേരിടുന്ന ചില പ്രയാസങ്ങളെയാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. പിൻവിവർത്തനം മിക്കപ്പോഴും മൂലപാഠത്തിലേക്ക് എത്താറില്ല എന്നു പറയുന്നതിൽ ഭാഷാപരവും സാംസ്കാരികവുമായ അനവധിഘടകങ്ങളുടെ സ്വാധീനമുണ്ട്. ഇവിടെ ലിപ്യന്തരണത്തിൽ അതേപോലുള്ള ചില പ്രയാസങ്ങൾ വരുന്നുണ്ടെങ്കിൽ അത് മറ്റു ഘടകങ്ങളെക്കാളെല്ലാം പ്രധാനമായി ലിപിവ്യവസ്ഥയും മൊഴിവ്യവസ്ഥയും തമ്മിലുള്ള ചില വിടവുകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതാകട്ടെ മലയാളഭാഷയെ, വിശേഷിച്ച് ഭാഷാസൂത്രണത്തെ, സംബന്ധിച്ച ഗൗരവതരമായ ചില ആലോചനകൾ തുറന്നിടുന്നുണ്ട്. ഇക്കാര്യത്തിൽ ഗവേഷണാത്മകമായ ഇടപെടൽ ആവശ്യമുണ്ടെന്നർത്ഥം.

അങ്ങനെയൊരു പരിഷ്കരണം നടത്തുമ്പോൾ അറബിമലയാളം പോലുള്ള മലയാളത്തിന്റെതന്നെ ഭാഗമായിട്ടുള്ള മറ്റു ഭാഷാഭേദങ്ങളേയും ഗോത്രഭാഷകളെയും എല്ലാം

പരിഗണിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ കേരളസംസ്കാരത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ മലയാളഭാഷയ്ക്കാവുകയുള്ളൂ.

ഗ്രന്ഥസൂചി


- അബു ഒ., *അറബിമലയാള സാഹിത്യചരിത്രം*, സാഹിത്യപ്രവര്ത്തക സഹകരണസംഘം, നാഷണൽ ബുക്ക്സ്റ്റാൾ , കോട്ടയം, 1970.
- അബൂബക്കർ പി. എ., *അറബിമലയാളം മലയാളത്തിന്റെ ക്ലാസിക്കൽ ഭാവങ്ങൾ*, കൊണ്ടോട്ടി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, 2018.
- മുഹമ്മദ് അസ്‌ലം പി. എസ്., *ഇഞ്ജീല് ലൂഖാ* (സമ്പാദകന്), ഹിദായത് പ്രസ്സ് കമ്പനി റായ്പിണ്ടി, മദ്രാസ്, 1905.
- മൻസൂറലി, *അറബി-മലയാള സാഹിത്യപഠനങ്ങൾ* (എഡി.), ലീഡ് ബുക്സ്, കോഴിക്കോട്, 2014.
- ലബ്ബ അലി ഹുസൈന് കുട്ടി, *അറബിമലയാള അക്ഷരമാല*, അമീറുല് ഇസ്ലാം ലിത്തോ പ്രസ്സ്, തിരൂരങ്ങാടി, 1984.
- വാസുദേവഭട്ടതിരി സി. വി., *തർജ്ജമയുടെ താക്കോൽ* ,സ്കൈ ബുക്ക് പബ്ലിഷേഴ്സ്, മാവേലിക്കര, 2004.
- സോമനാഥൻ പി., *വിവർത്തനപഠനങ്ങൾ*, കേരള ഭാഷാ ഇന്സ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.